LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിർമ്മാണ പുരോഗതിയിലുള്ള അലംഭാവം നിമിത്തം നിലവിലുള്ള കരാറുകാരന് കിഫ്ബി സ്റ്റോപ്പ് മെമ്മോ നൽകിയ സാഹചര്യത്തിൽ ബാക്കിയുള്ള പ്രവൃത്തികൾ എപ്രകാരം പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

(ബി-ഡി) മാർച്ച് 2021-ൽ കിഫ്ബി സ്റ്റോപ്പ് മെമ്മോ നല്കുകയും കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽനിന്നും നീക്കംചെയ്യാനും പുതിയ കരാർ വയ്ക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. സൈറ്റിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടും ജനങ്ങൾക്കുള്ള അസൗകര്യങ്ങൾ ഒഴിവാക്കാനും വേണ്ടി, ആവശ്യമെങ്കിൽ ഇൻസ്പെക്ഷൻ നടത്തി, ഒരവസരംകൂടി കരാറുകാരന് നൽകി പണി തുടരാനുള്ള അനുമതിക്കുവേണ്ടി കിഫ്ബിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ നിർദ്ദേശമനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഇ) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ റോഡിലെ കുറേ ഭാഗം സഞ്ചാരയോഗ്യമല്ലെന്നും കുളംപോലെയുള്ള കുണ്ടുംകുഴികളും നിറഞ്ഞ റോഡിനെക്കുറിച്ചുള്ള പരാതികളും സങ്കടങ്ങളും വാർത്താമാധ്യമങ്ങളിലും സാമൂഹികമാധ്യമങ്ങളിലും നിരന്തരം വന്നുകൊണ്ടിരിക്കുകയാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുമോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തിയുടെ ആകെ നീളം 19.194 കി.മീ. ആണ്. ഇതിൽ കി.മീ 48/370 മുതൽ 49/320 വരെയുള്ള 0.95 കി.മീ. ഭാഗമാണ് റോഡിൽ ശക്തമായ മഴയെ തുടർന്ന് നാശനഷ്ടങ്ങൾ സംഭവിച്ച് ഗതാഗതം ദുഷ്കരമായിട്ടുള്ളത്. പ്രസ്തുത ഭാഗം ഒഴിച്ച് ബാക്കിയുള്ള 18.244 കി.മീ. റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമാണ്. സ്റ്റോപ്പ് മെമ്മോയിന്മേൽ കെ.ആർ.എഫ്.ബി. നൽകിയിരിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിൽ നിന്ന് തുടർനിർദ്ദേശം ലഭ്യമായാൽ മാത്രമേ തുടർപ്രവൃത്തികളിലുള്ള തീരുമാനത്തിൽ എത്താൻ സാധിക്കുകയുള്ളൂ.

ടോമാ കെയർ യൂണിറ്റിന്റെ നിർമ്മാണം

13(4023) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിലെ പുതിയ ടോമാ കെയർ യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തിക്കായി ആകെ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; ആയതിന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ; പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ മെഡിക്കൽ കോളേജിലെ പുതിയ ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണപ്രവൃത്തിക്കായി 1,500 ലക്ഷം രൂപയാണ് അനുവദിച്ചത്. പ്രവൃത്തി 5-7-2019-ൽ ആരംഭിച്ചു. ഒന്നാം നിലയുടെ റൂഫിംഗ് ജോലികൾ പുരോഗമിക്കുന്നു.

(ബി) പുതിയ ട്രോമാ കെയർ യൂണിറ്റിൽനിന്നും ആശുപത്രിയുടെ മെയിൻ ബ്ലോക്ക്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവയെ തമ്മിൽ ബന്ധിപ്പിക്കാനുള്ള ബ്രിഡ്ജ്/ഇടനാഴി സംവിധാനം രൂപരേഖയിൽ ഉൾപ്പെടുത്തിയിരുന്നോ?

ഇല്ല.

(സി) ഇല്ലെങ്കിൽ ഭരണാനുമതി നൽകിയ തുകയിലെ സേവിംഗ്സ് ഉപയോഗപ്പെടുത്തി പ്രസ്തുത സംവിധാനം നിർമ്മിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കെട്ടിട നിർമ്മാണം പൂർത്തീകരിച്ചാൽ മാത്രമേ സേവിംഗ്സ് ലഭ്യമാണോ എന്ന് അറിയാൻ കഴിയുകയുള്ളൂ.

അങ്കമാലി പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിന്റെ ശോചനീയാവസ്ഥ

14(4024) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം) അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഓഫീസ് കെട്ടിടം ചോർന്നൊലിച്ച് ഉപയോഗശൂന്യമായ അവസ്ഥയിലും ഷീറ്റിട്ട കെട്ടിടത്തിന്റെ മുകളിലൂടെ മരക്കൊമ്പുകൾ വീണ് അപകടാവസ്ഥയിലുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) ഉണ്ട്. 1980-കളിൽ നിർമ്മിതമായ ഒരു നില കെട്ടിടത്തിന്റെ മുകളിൽ ജി.ഐ. ഷീറ്റ് റൂഫിംഗ് ചെയ്ത് പാർട്ടീഷൻ ചെയ്താണ് അങ്കമാലി റോഡ്സ് സെക്ഷൻ കാര്യാലയം പ്രവർത്തിച്ചുവരുന്നത്. ആയതിനാൽ 2015-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട അങ്കമാലി സിവിൽ സ്റ്റേഷന്റെ കെട്ടിടത്തിൽ ഈ കാര്യാലയംകൂടി പ്രവർത്തിക്കുന്നതിനുള്ള സ്ഥലസൗകര്യം ഒരുക്കിയിട്ടുണ്ട്. എന്നിരുന്നാലും ഈ കാര്യാലയം നാളിതുവരെ സിവിൽ സ്റ്റേഷൻ കെട്ടിടത്തിലേയ്ക്ക് മാറിയിട്ടില്ല. 2019-ലെ ശക്തമായ കാറ്റത്തും മഴയത്തും ഷീറ്റ് റൂഫിംഗിനും ചുറ്റുമതിലിനും